കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

**കേരള സംഗീത നാടക അക്കാദമി : നാടകനിർമ്മാണത്തിന് അമേച്വർ നാടക സമിതികൾക്ക് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകും**

കേരളത്തിലെ അമേച്വർ നാടകസമിതികൾക്ക് നാടകനിർമ്മാണത്തിന് കേരള സംഗീത നാടക അക്കാദമി രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകും. ധനസഹായത്തിന് അപേക്ഷിക്കാൻ താൽപര്യമുള്ള അമേച്വർ നാടക സമിതികൾ നാടക സ്ക്രിപ്റ്റിന്റെ അഞ്ചു കോപ്പിയും അനുബന്ധരേഖകളും സഹിതം പ്രത്യേക അപേക്ഷ ഫോറത്തിൽ അക്കാദമിയിൽ അപേക്ഷിക്കണം.നാടകത്തിന്റെ അവതരണ ദൈർഘ്യം ഒരു മണിക്കൂറിൽ കുറയാൻ പാടില്ല.ഇതിന് മുൻപ് അവതരിപ്പിച്ച നാടകങ്ങൾ ധനസഹായത്തിന് പരിഗണിക്കുന്നതല്ല.ഒരു സമിതിയുടെ ഒന്നിൽ കൂടുതൽ നാടകങ്ങളെ ധനസഹായത്തിന് തെരഞ്ഞെടുക്കുന്നതല്ല.ധനസഹായത്തിന് അപേക്ഷിക്കുന്ന നാടകസംഘങ്ങൾ അഞ്ച് വർഷത്തെ പ്രവർത്തനരേഖകൾ ഹാജരാക്കണം.ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെടുന്ന നാടകസമിതികൾ അക്കാദമി നിർദേശിക്കുന്ന രണ്ട് സ്ഥലത്ത് നാടകം അവതരിപ്പിക്കണം.നിയമാവലിയും അപേക്ഷഫോറവും അക്കാദമി വെബ്സൈറ്റായ http://www.keralasangeethanatakaakademi.in ൽ ലഭ്യമാണ്.താൽപര്യമുള്ള അമേച്വർ നാടകസമിതികൾ 2023 ജനുവരി അഞ്ചിനകം അപേക്ഷ സമർപ്പിക്കണം.അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകൾ തിരികെ നൽകുന്നതല്ലെന്ന് അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി അറിയിച്ചു.

കരിവെള്ളൂർ മുരളി

സെക്രട്ടറി